MONDAY

03/11/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : SINDHU. KS** **Editor : Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/11/2025

1. മരം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ട്രീ ബാങ്ക് പദ്ധതിയുമായി വനം വകുപ്പ്. സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുന്നതാണ് പദ്ധതി. സർക്കാർനിശ്ചയിച്ച വൃക്ഷത്തൈകൾ നടുന്നവർക്ക് 15 വർഷം വരെ ധനസഹായം ലഭിക്കും. പദ്ധതി കാലാവധി പൂർത്തിയായ ശേഷം സ്ഥല ഉടമക്ക് സോഷ്യ ഫോറസ്റ്റ് ഡിവിഷൻ ഓഫീസിന്റെ അനുമതിയോടെ മരങ്ങൾ മുറിച്ചെടുക്കാനുള്ള അനുവാദവും ഉണ്ടാകും. സംസ്ഥാനത്തെ വൃക്ഷാവരണം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. സ്വന്തമായി ഭൂമിയുള്ളവർക്കും കുറഞ്ഞത് 15 വര്ഷത്തെ പാട്ടത്തിന് ഭൂമി കൈവശമുള്ളവർക്കും പദ്ധതിയിൽ അംഗങ്ങളാവാം. ചന്ദനം, തേക്ക്, റോസ് വുഡ്, പ്ലാവ്, കാട്ടുപ്ലാവ്, തമ്പകം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, കുമ്പില്, കരിമരുത്, വെൺതേക്ക്, വീട്ടി എന്നിവയാണ് പദ്ധതി പ്രകാരം നടേണ്ടത്. ആദ്യഘട്ടത്തിൽ ചന്ദനതൈകളാണ് നട്ടുപിടിപ്പിക്കുക. പദ്ധതിയിൽ അംഗങ്ങളാകാന് താൽപര്യമുള്ളവര് പ്രാദേശിക പരിധിയിലുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സാമൂഹിക വനവത്കരണവിഭാഗം റെയ്ഞ്ച് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. റെയ്ഞ്ച് ഓഫീസർ രേഖകളും ഭൂമിയും പരിശോധിച്ച് നടാന് സാധിക്കുന്ന വൃക്ഷത്തൈകളുടെ എണ്ണം തീരുമാനിക്കും. കുറഞ്ഞത് 10 തൈകളെങ്കിലും നടാനാകണം. രജിസ്റ്റർ ചെയ്യുമ്പോള് വനംവകുപ്പുമായി ധാരണാപത്രം ഒപ്പിടണം. തൈകള് നട്ടുവളർത്തുന്നതിനുള്ള പ്രോത്സാഹന ധനസഹായം മൂന്നാം വർഷം മുതലാണ് നൽകുക. പരിപാലിക്കുന്നവർക്ക് 15 വർഷംവരെ ഇത് ലഭിക്കും. സാമൂഹിക വനവത്കരണ വിഭാഗത്തിന്റെ നഴ്സറികളിൽനിന്ന് എല്ലാ വർഷവും ജൂൺ-ജൂലൈ മാസങ്ങളിൽ സൗജന്യമായി വൃക്ഷത്തൈകൾ നൽകും.

2. 2026 വർഷത്തേയ്ക്ക് തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നിന്നും പാൽ വാങ്ങാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ അപേക്ഷ ഫോമുകൾ ഓഫീസിൽ പ്രദർശിപ്പിച്ചിരിക്കുന്ന മാതൃകയിൽ പ്രിന്റ് ചെയ്തോ ഫോട്ടോ കോപ്പി തയാറാക്കിയോ സമർപ്പിക്കേണ്ടതാണ്. ഫാമിന് പരിസരത്തുള്ള കോർപ്പറേഷൻ വാർഡുകളിലെയും കരകുളം ഗ്രാമപഞ്ചായത്ത് വാർഡുകളിലെയും സ്ഥിരതാമസക്കാരായ

കുടുംബങ്ങളിൽ നിന്നുമാണ് അപേക്ഷ സ്വീകരിക്കുന്നത്. പാൽകാർഡ് നൽകുന്ന സമയത്തു റേഷൻ കാർഡിന്റെ ഒറിജിനൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. നിർദിഷ്ട മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ 01/11/2025 മുതൽ 15/11/5025 വരെ തീയതികളിൽ രാവിലെ 11 മണി മുതൽ ഉച്ചക്ക് 1 മണി വരെയും ഉച്ചക്ക് 2 മണി മുതൽ 4 മണി വരെയും ഫാം ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷ നിരസിച്ചവരുടെ ലിസ്റ്റ് 28/11/2025- ന് പ്രസിദ്ധീകരിക്കുകയും അപേക്ഷ നിരസിച്ചവരുടെ പരാതികൾ നവംബർ 28 മുതൽ 29 വരെ സ്വീകരിക്കുന്നതും പരിശോധിച്ചതിന് ശേഷം ഫൈനൽ ലിസ്റ്റ് 12/12/2025-ൽ പ്രസിദ്ധീകരിക്കുന്നതിമായിരിക്കും. മേലുദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടു കൂടി മൃഗസംരക്ഷണവകുപ്പ് ജീവനക്കാർക്കും 15/11/2025 മുതൽ 27/11/2025 വരെ അപേക്ഷിക്കാവുന്നതാണ്. പുതിയ പാൽ കാർഡ് 01/01/2026 നിലവിൽ വരുന്നതാണ്

3. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ലാറ്റക്സ് ഹാർവെസ്റ്റ് ടെക്നോളജി ഡിവിഷനിൽ 'പ്രൊജക്ട് അസിസ്റ്റന്റ്' നെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എഴുത്തുപരീക്ഷയും

അഭിമുഖവും നടത്തുന്നു. അപേക്ഷകർ ഫസ്റ്റ് ക്ലാസ് മാർക്കോടെ അഗ്രിക്കൾച്ചറിൽ ബിരുദമോ അഗ്രിക്കൾച്ചറൽ സയൻസിൽ ഡിപ്ലോമയോ ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2025 സെപ്റ്റംബർ 30-ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഡയറക്ടർ ഓഫ് റിസേർച്ച് മുമ്പാകെ 2025 നവംബർ 14-ാം തീയതി രാവിലെ 9.30ന് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി എഴുത്തുപരീക്ഷക്കും അഭിമുഖത്തിനും തയ്യാറായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2353311 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുകയോ www.rubberboard.gov.in റബ്ബർബോർഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

## പരിശീലന പരിപാടി

4. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 17 മുതൽ 27 വരെ "**ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനം**" എന്ന വിഷയത്തിൽ പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 15-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടംപാലസ്, പട്ടം.പി.ഒ., തിരുവനന്തപുരം 695004. ഇമെയിൽ principaldtctvm@gmail.com

5. **കാർഷിക നിർദേശം**

വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ പറിച്ച് നശിപ്പിച്ച് കളയുക. ആക്രമണം രൂക്ഷമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം